(ബി&സി) സർക്കാർ വാഹന ദുരുപയോഗം നടത്തിയ 108 കേസുകൾ ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ട്. ഈ കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്കും, വാഹന ദുരുപയോഗംമൂലം സർക്കാരിനുണ്ടായ അധിക ചെലവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുവാൻ നടപടി

9 (3218) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുവാനാവശ്യമായ ഭരണാനുമതിക്കും, ഫണ്ട് അനുവദിക്കുന്നതിനും വകുപ്പ് പ്രൊപ്പോസൽ നൽകിയിരുന്നോ :

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ ;

(സി) 2004-05 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ആവശ്യത്തിന് തുക വകയിരുത്തിയിരുന്നതിന്റെ വിശദാംശങ്ങൾ പറയാമോ ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയും മതിയായ ഫണ്ടും അനുവദിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ഈ സർക്കാർ പോളിടെക്നിക്കിന് കെട്ടിടനിർമ്മാണത്തിനാവശ്യമായ ഫണ്ടനുവദിച്ച് ഭരണാനുമതി നൽകുവാൻ അടിയന്തരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചേലക്കര ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള പ്രൊപ്പോസൽ ഭരണ വകുപ്പിൽ നിന്ന് ലഭിച്ചിരുന്നു.

(ബി) ടി കെട്ടിട നിർമ്മാണത്തിനായി 650 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിരുന്നത്.

(സി) 2004-05 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ആവശ്യത്തിന് 40,000 രൂപ വകയിരുത്തിയിരുന്നു.

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്, 2004-ലെ ഷെഡ്യൂൾ നിരക്കനുസരിച്ച് പുതുക്കേണ്ടിയിരുന്നതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. 2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നതിനും അടുത്തവർഷം ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിനുള്ള നപടികളെടുക്കാനും ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) അടുത്ത വർഷത്തെ (2005-06) ബഡ്ജറ്റിൽ ടി ആവശ്യത്തിനായി 24,30,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുവേണ്ട പുതുക്കിയ നിർദ്ദേശങ്ങൾ ഭരണവകുപ്പിൽ നിന്ന് ലഭിക്കുമ്പോൾ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly